# KSFE OFFICERS ' UNION THRISSUR

Registered Under Trade Union Act, 1926
Reg. No. 02/01/2015
e-mail : ksfeounews@gmail.com ksfeousc@gmail.com • website : www.ksfeou.com

| President | Working President | General Secretary |
|---|---|---|
| **Adv. K.N. Balagopalan M.P.** | **Adv. R. Raghavan Pillai** | **G. Thomas Panicker** |
| 9446545577 | 9447044889 | 9496584950 |



## സർക്കുലർ നമ്പർ 12/2015

5 - 10 - 2015

സഖാക്കളെ,

സംസ്ഥാന കമ്മിറ്റി സ.കെ.എൻ. ബാലഗോപാലൻ എം.പിയുടെ അദ്ധ്യക്ഷതയിൽ കൊല്ലം CITU ഓഫീസിൽ ചേർന്നു. ഒക്ടോബർ 4 - ാം തീയതി വർഗ്ഗീയവാദികൾ കൊലപ്പെടുത്തിയ പ്രമുഖ സാഹിത്യകാരൻ പ്രൊഫ. എൻ.എം. കൽബുർഗി, പ്രശസ്ത സിനിമാ നടൻ പറവൂർ ഭരതൻ, പിന്നണിഗായിക രാധികാ തിലക്. നമ്മുടെ അംഗമായ കലാറോയി (കലവൂർ), KSFESA എറണാകുളം ജില്ലാ കമ്മിറ്റി അംഗം സ.സി.സി. ലൈല, മുഹമ്മ ശാഖ മാനേജരായിരുന്ന ടി.ആർ.സുജിത്ത് എന്നിവരുടെ വിയോഗത്തിൽ കമ്മിറ്റി അനുശോചനം രേഖപ്പെടുത്തി. ജനറൽ സെക്രട്ടറി കഴിഞ്ഞ കമ്മിറ്റിക്കുശേഷമുള്ള പ്രവർത്തനറിപ്പോർട്ടും പ്രസിഡന്റ് ആനുകാലിക രാഷ്ട്രീയസ്ഥിതികളും റിപ്പോർട്ട് ചെയ്തു.

യു.ഡി.എഫ്. മാനേജ്മെന്റിന്റെ ജീവനക്കാരോടുള്ള സമീപനം ഏറെ പ്രതിഷേധാർഹമാണ്. 2012 ആഗസ്റ്റ് 1 മുതൽ ലഭിക്കേണ്ട പുതുക്കിയ ശമ്പളം ഈ സർക്കാരിന്റെ കാലത്ത് ലഭിക്കുമോ എന്ന് ഒരു ഉറപ്പുമില്ല. കഴിഞ്ഞ 3 വർഷക്കാലമായി നമ്മുടെ സംഘടന തനിച്ചും കോർഡിനേഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ കൂട്ടായും വിവിധങ്ങളായ പ്രക്ഷോഭപരിപാടികൾ നടത്തി. പ്രക്ഷോഭത്തിന്റെ ഫലമായി വർക്ക്മെൻ സംഘടനകളുമായി നിരവധി ചർച്ചകൾ നടത്തിയെങ്കിലും ശമ്പളസ്കെയിൽ, ഫിറ്റ്മെന്റ്, വെയിറ്റേജ്, തുടങ്ങി പ്രധാന ഇനങ്ങളിലൊന്നുംതന്നെ ഒരു ധാരണയിലും എത്തിയില്ല. മത്സ്യമാർക്കറ്റിൽ നടക്കുന്ന ലേലംവിളി കണക്കിന് ചർച്ച നിർബാധം തുടരുകയാണ്. കരാറാക്കുന്നതിനുള്ള യാഥാർത്ഥ്യബോധത്തോടെയുള്ള യാതൊരു നീക്കവും മാനേജ്മെന്റിന്റെ ഭാഗത്തുനിന്നോ സർക്കാരിന്റെ ഭാഗത്തുനിന്നോ ഉണ്ടായില്ല എന്നത് പ്രതിഷേധാർഹമാണ്.

ഓഫീസർ സംഘടനകളുമായി ശമ്പളപരിഷ്ക്കരണചർച്ച ആരംഭിച്ചിട്ടുപോലുമില്ല. നൂറുകണക്കിന് അസിസ്റ്റന്റ് മാനേജർമാരാണ് മലബാറിലും വിദൂരജില്ലകളിലും കഴിഞ്ഞ 2 വർഷക്കാലമായി ജോലിനോക്കുന്നത്. 2014 - ലെ പൊതുസ്ഥലം മാറ്റ ഉത്തരവ് നമ്മുടെ അനിശ്ചിതകാലസത്യാഗ്രഹത്തിന്റെ ഫലമായിട്ടാണ് ഉത്തരവായത്. സ്ഥലംമാറ്റ ഉത്തരവ് നൽകാൻ തടസ്സമായി മാനേജ്മെന്റ് പറഞ്ഞിരുന്നത് പകരം എ.എം. പ്രമോഷൻ നടത്താൻ സാധിക്കാത്തതുകൊണ്ടാണ് എന്നാണ്. എന്നാൽ ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ചേർന്ന ബോർഡ് യോഗത്തിൽ നമ്മുടെ സമ്മർദ്ദഫലമായിട്ടാണ് 175 പേർക്ക് എ.എം ന്റെ കേഡർ പ്രൊമോഷൻ നടത്താൻ തീരുമാനമെടുത്തത്. എന്നാൽ പ്രൊമോഷനും സ്ഥലംമാറ്റവും നടത്താൻ ഇനി എന്താണ് തടസ്സമെന്ന് മാനേജ്മെന്റ് പറയുന്നില്ല. മകൻ ചത്താലും മരുമകളുടെ കണ്ണീരുകാണണമെന്ന ചിലരുടെ അജണ്ടയാണ് ഉത്തരവ് താമസിക്കുന്നതിനുള്ള കാരണം എന്നുകേൾക്കുന്നു. മാനേജിംഗ് ഡയറക്ടറാകട്ടെ നാളെ, നാളെ എന്ന സ്ഥിരം പല്ലവി ആവർത്തിക്കുകയാണ്. ഉത്തരവിറക്കാനുള്ള സംഘടനാപരമായ സമ്മർദ്ദങ്ങളൊക്കെ ബധിര കർണ്ണങ്ങളിലാണിപ്പോഴും ഈ സാഹചര്യത്തിൽ അതിശക്തമായ പ്രക്ഷോഭം നടത്തേണ്ടതായിട്ടുണ്ട്. കഴിഞ്ഞ നാലര വർഷക്കാലത്തെ യു.ഡി.എഫ് മാനേജ്മെന്റിന്റെ പീഢനത്തിന് നമുക്ക് മറുപടി പറയേണ്ടതായിട്ടുണ്ട്. ഈ വർഷത്തെ ഇൻസെന്റീവ് ചർച്ചയിൽ ഉയർന്ന പരിധി വയ്ക്കണമെന്ന ചില സംഘടനകളുടെ വാദം മൂലം ഒരുലക്ഷം രൂപ എന്ന് കരാർ ചെയ്തിരുന്നുവെങ്കിലും 95,000 രൂപയാക്കി സർക്കാർ വെട്ടിക്കുറച്ചു. ഈ സംഘടനകളുടെ നിലപാട് നമുക്ക് അംഗീകരിക്കാനാവില്ല. പരിധിയില്ലാതെ ബോണസ് നൽകണമെന്ന് ആവശ്യപ്പെട്ട് രാജ്യത്തെ മുഴുവൻ തൊഴിലാളികളും പണിമുടക്കുമ്പോൾ അതിനെതിരായ നിലപാട് നമുക്ക് സ്വീകരിക്കാനാവില്ല.

## സെപ്റ്റംബർ 2 പണിമുടക്ക്

മിനിമം വേതനം നടപ്പാക്കുക, ബോണസ് പരിധി എടുത്തുകളയുക തുടങ്ങി 12 ഇന ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് രാജ്യവ്യാപകമായി നടത്തിയ പണിമുടക്ക് നമ്മുടെ സ്ഥാപനത്തിൽ പൂർണമായിരുന്നു. INTUC അഫിലിയേഷന്റെ പേരിലെങ്കിലും FEEA ചരിത്രത്തിൽ ആദ്യമായി ഒരു ദേശീയ പണിമുടക്കിൽ പങ്കെടുത്തു. ഞങ്ങൾ തൊഴിലാളികളല്ലെന്നും മാനേജ്മെന്റ് സംഘടനയാണെന്നും പറഞ്ഞ് OA പണിമുടക്കിൽ പങ്കെടുത്തില്ല. രാജ്യത്തെ ഓഫീസറന്മാരടക്കം 14 കോടി പേർ പങ്കെടുത്ത പണിമുടക്കിൽ ഒരു ഈർക്കിൽ സംഘടന ഞങ്ങൾ മുതലാളിമാരാണെന്ന് പറഞ്ഞ് മാറി നിന്നത് ലജ്ജാകരം തന്നെ. ആനപ്പുറത്ത് നിന്ന് താഴെയിറങ്ങുമ്പോഴെ ഞങ്ങൾ തൊഴിലെടുക്കുന്നവർ എന്ന ബോധം ഉണ്ടാവുകയുള്ളു. പണിമുടക്കിൽ നമ്മുടെ എല്ലാ അംഗങ്ങളും പങ്കെടുത്തു. KSFE ജീവനക്കാരുടെ തനതായ 3 ആവശ്യങ്ങൾ കൂടി ഉന്നയിച്ചാണ് നാം പണിമുടക്കിയ

ത്. പണിമുടക്ക് സമ്പൂർണ്ണമാക്കിയ എല്ലാ KSFE ജീവനക്കാരെയും ഊഷ്മളമായി അഭിവാദ്യം ചെയ്യുന്നു. ട്രഷറർ സ.പി.എം.തങ്കച്ചൻ കണക്കവതരിപ്പിച്ചു.

മോദി സർക്കാർ അധികാരത്തിൽ വന്ന് ഒരു വർഷം പിന്നിടുമ്പോൾ കോർപ്പറേറ്റുകൾ തടിച്ചു കൊഴുക്കുകയാണ്. 1985 - ൽ പത്ത്കോടി രൂപ ആസ്ഥിയുണ്ടായിരുന്ന ആദാനിയുടെ ഇപ്പോഴത്തെ ആസ്ഥി ഒരുലക്ഷം കോടി രൂപയാണ്. BJP യാണ് ഇതിനുപിന്നിൽ. തൊഴിലാളികളെ ജാതിയമായി ഭിന്നിപ്പിക്കുകയാണ്. തൊഴിൽ നിയമങ്ങൾ പൊളിച്ചെഴുതുന്നു. കരാർ വത്ക്കരണം സാർവത്രികമാക്കുന്നു. തൊഴിൽ മേഖലയിൽ പ്രതിസന്ധി രൂക്ഷമാവുകയാണ്. നാം നേടിയെടുത്ത സാംസ്കാരികമൂല്യങ്ങളെയും നവോത്ഥാന പ്രസ്ഥാനങ്ങളെയും അതിന് നേതൃത്വം കൊടുത്തവരെയും കാവി പുതപ്പിക്കുകയാണ്. മനുഷ്യ മനസ്സാക്ഷിയെപ്പോലും ഞെട്ടിച്ചുകൊണ്ട് ജാതി അടിസ്ഥാനത്തിൽ ജനങ്ങളെ സംഘടിപ്പിക്കുവാനുള്ള ഊർജ്ജിത ശ്രമം നടക്കുകയാണ്. ഇത് പഴയ ചാതുർവർണ്യ വ്യവസ്ഥയെ തിരിച്ചുകൊണ്ടു വരാനുള്ള ശ്രമമാണ്. അറിയപ്പെടുന്ന എഴുത്തുകാരനും വൈസ്ചാൻസലറുമായ പ്രൊഫ.എൻ.എം.കൽബുർഗിയെ വെടിവച്ചുകൊന്നതും ബീഫ് കഴിച്ചുവെന്ന് ആരോപിച്ച് നിരപരാധികളെ അടിച്ചുകൊല്ലുന്നതും ഞെട്ടിക്കുന്ന സംഭവങ്ങളാണ്. മതനിരപേക്ഷത തകർക്കുന്നതിനെതിരെ നാം ഒറ്റക്കെട്ടായി അണിനിരക്കണം. കേരള സർക്കാർ എല്ലാ മേഖലകളിലും പരാജയമാണ്. അഴിമതി, വിലക്കയറ്റം, വർഗ്ഗീയതയ്ക്കെതിരായ ഉറച്ച നിലപാട് സ്വീകരിക്കൽ, പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കൽ എന്നീ വിഷയങ്ങളിൽ അത് വ്യക്തമാണ്. ജനകീയാസൂത്രണം അട്ടിമറിച്ചും ഫണ്ട് നൽകാതെയും ക്ഷേമപെൻഷൻ നൽകാതെയും ഏറ്റവും വെറുക്കപ്പെട്ട ഒരു സർക്കാരായി UDF മാറി. ഈ അവസരത്തിൽ, വരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് UDF സർക്കാരിന് ഒരു താക്കീതാവണം. വർഗ്ഗീയ ശക്തികൾക്ക് കേരളത്തിന്റ മണ്ണിൽ സ്ഥാനമില്ല എന്നും നാം തെളിയിക്കണം. ഈ കടമ നാം നിറവേറ്റണമെന്നും പ്രസിഡന്റ് ആഹ്വാനം ചെയ്തു.

തുടർന്ന് കമ്മിറ്റി അംഗങ്ങളുടെ വിശദമായ ചർച്ച നടന്നു. നമ്മുടെ പ്രവർത്തകരായിരുന്ന് മരിച്ചുപോയ അംഗങ്ങളുടെ കുടുംബാംഗങ്ങളെ സഹായിക്കുന്നതിന് ഒരു പ്രത്യേക ഫണ്ട് പിരിച്ചു നൽകിയ തിരുവനന്തപുരം ജില്ലയുടെ പ്രവർത്തനം അഭിനന്ദനാർഹമാണ്. ഇതര ജില്ലകളിലും ഈ മാതൃക പിന്തുടരാവുന്നതാണ്. സാധ്യതയില്ലാത്ത പ്രദേശങ്ങളിൽ ശാഖ ആരംഭിച്ച് ജീവനക്കാരെ പീഢിപ്പിക്കുന്ന മാനേജ്മെന്റ് നടപടിയിൽ വ്യാപകമായ പ്രതിഷേധം ഉണ്ടായി. ശമ്പളപരിഷ്ക്കരണം നീണ്ടുപോകുന്നതിലും AM ട്രാൻസ്ഫർ, പ്രൊമോഷൻ വൈകുന്നതിലും കമ്മിറ്റിയിൽ രൂക്ഷമായ ചർച്ച നടന്നു. CASBA നടപ്പാക്കുന്ന ശാഖകളിൽ ജീവനക്കാർ നേരിടുന്ന വിഷമതകളും റിപ്പോർട്ട് ചെയ്തു. സോഫ്റ്റ്‌വെയറിൽ ആവശ്യമായ സെക്യൂരിറ്റി സംവിധാനം കൊണ്ടുവന്നിട്ടില്ല. കണക്ടിവിറ്റി പ്രവർത്തനത്തിൽ വലിയ തടസ്സമുണ്ടാകുന്നുണ്ട്. മിക്ക ശാഖകളിലും രാത്രിവരെ ജോലി നോക്കേണ്ടിവരുന്നുണ്ട്. സപ്പോർട്ട് ടീമിന്റെ അപര്യാപ്തത, ആവശ്യമായ ട്രെയിനിംഗ് ഇവ അടിയന്തിരമായി പരിഹരിക്കേണ്ടതാണ്. ഭാവിപ്രവർത്തനത്തിന് ശക്തമായ തീരുമാനങ്ങൾ എടുത്തു.

## തീരുമാനങ്ങൾ

1. എല്ലാ ജില്ലകളിലും KSFESA, KSFEAA, KSFEGAA എന്നീ സംഘടനകളുമായി ചേർന്ന് "മതനിരപക്ഷേതയും തൊഴിലാളി സമൂഹവും" എന്ന വിഷയത്തിൽ സെമിനാറും സ്ഥാപനത്തിലെ തൊഴിലാളികളുടെ ആവശ്യങ്ങൾ ചർച്ചചെയ്യുന്നതിന് സംയുക്ത കൺവൻഷനുകളും ചേരാൻ തീരുമാനിച്ചു. കൺവൻഷനിൽ പ്രത്യേക സ്ക്വാഡുകളുമായി തീരുമാനിച്ച KSFE യിലെ മുഴുവൻ തൊഴിലാളി കുടുംബാംഗങ്ങളുടെയും ഭവനങ്ങളിൽ സൗഹൃദസന്ദർശനം നടത്തേണ്ടതാണ്.
2. ശമ്പളപരിഷ്ക്കരണം AM ട്രാൻസ്ഫർ, പ്രൊമോഷൻ എന്നീ വിഷയങ്ങളിൽ നവംബർ ആദ്യവാരം ശക്തമായ തുടർപ്രക്ഷോഭത്തിന് തീരുമാനമെടുത്തിട്ടുണ്ട്. ചർച്ചയിൽ ഡെപ്യൂട്ടി മാനേജർമാരുടെ പുതിയ ഗ്രേഡ് പ്രൊമോഷൻ എന്ന ആവശ്യവും ഉന്നയിക്കുന്നതാണ്.
3. ജില്ലാ കമ്മിറ്റികൾ അടിയന്തിരമായി ചേർന്ന് കൺവൻഷനും സെമിനാറും വിജയിപ്പിക്കാൻ ആവശ്യമായ പ്രവർത്തനം നടത്തേണ്ടതാണ്. സംസ്ഥാന കമ്മിറ്റിയുടെ സെപ്റ്റംബർ 30 വരെയുള്ള കണക്ക് പാസ്സാക്കി.
4. CASBA പ്രവർത്തനം സുഗമമാക്കുന്നതിന് ഫലപ്രദമായ നടപടി സ്വീകരിക്കണമെന്നും ഓഫീസ് സമയത്തിനുശേഷം ജോലി നോക്കുന്നവർക്ക് പ്രത്യേക അലവൻസ് അടിയന്തിരമായി അനുവദിക്കണമെന്നും മാനേജ്മെന്റിനോട് ആവശ്യപ്പെടുന്നതാണ്.
5. സുപ്രീം കോടതിയിലെ EPF പെൻഷൻ കേസിൽ സംഘടനകൾ കൗണ്ടർ അഫിഡവിറ്റ് ഫയൽ ചെയ്തിട്ടുണ്ട്.
6. റിട്ടയർമെന്റ് കേസിൽ സർക്കാർ തീരുമാനമെടുക്കാൻ കോടതി 2015 നവംബർ വരെ സമയം അനുവദിച്ചിട്ടുണ്ട്.
7. റിട്ടയർ ചെയ്യുന്ന ജീവനക്കാരുടെ ആനുകൂല്യങ്ങൾ നിക്ഷേധിക്കുന്നതിനെതിരായി അവരുടെ സംഘടനയുമായി ചേർന്ന് ശക്തമായ പ്രക്ഷോഭത്തിന് രൂപം കൊടുക്കുന്നതാണ്.

അഭിവാദനങ്ങളോടെ,

**തോമസ് പണിക്കർ ജി.**
ജനറൽ സെക്രട്ടറി